ശ്രീ തോമസ് കെ കുര്യാക്കോസ്, കുമുള്ളിൽ വീട് അദാലത്തിൽ സമർപ്പിച്ച പരാതി സംബന്ധിച്ച്

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ 8ാം വാർഡിലെ താമസക്കാരനായ ശ്രീ തോമസ് കെ കുര്യാക്കോസ് എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ 29.01.2024 തീയതിയിൽ സ്ഥലപരിശോധന നടത്തിയതിൽ മരണപ്പെട്ടുപോയ ശ്രീ വർഗ്ഗീസ് എന്ന വ്യക്തിയുടെ പുരയിടത്തിൽ നിൽക്കുന്ന തെങ്ങിൽ നിന്നും തേങ്ങയും മറ്റും വീഴുകയും അത് മൂലം ശല്യം ഉണ്ടാവുകയും ചെയ്യുന്നതായും ഇതേ പരാതി കാരണം മൂന്ന് തെങ്ങുകൾ മുൻപ് മുറിച്ചുമാറ്റിയിട്ടുള്ളതുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ പരാതിക്ക് കാരണമായ തെങ്ങിൽ കമ്പി വലിച്ച് കെട്ടുകയോ കൊല്ലി ഇടുകയോ വേണമെന്ന് നിലവിലെ കാര്യക്കാരനും മരണപ്പെട്ട ശ്രീ വർഗ്ഗീസിൻറെ മകളുടെ ഭർത്താവുമായ ശ്രീ ബിജുവിനോട് അന്വേഷണാവസരത്തിൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർ നടപടികളുടെ ഭാഗമായി 04/04/2024 തീയതിയിൽ പരാതി സ്ഥലത്ത് പോയി തുടരന്വേഷണം നടത്തിയതിൽ മുൻപ് ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല എന്ന് റിപ്പോർട്ട് നൽകുകയും ചെയ്തു. ഇതേ അവസരത്തിൽ തന്നെ ശ്രീ ബിജുവിനോട് മേൽ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടു.

തുടർന്ന് 07/05/2024 ന് നടത്തിയ സ്ഥലപരിശോധനയിൽ തെങ്ങിന് കമ്പി വലിച്ച് കെട്ടിയിട്ടുള്ളതായി ബോധ്യപ്പെട്ടുകയുണ്ടായി. അദാലത്തുമായി ബന്ധപ്പെട്ട് 29/08/2024 തീയതിയിൽ മുളന്തുരുത്തി പഞ്ചായത്ത് ഹാളിൽ നടന്ന റിവ്യൂ മീറ്റിംഗിൽ ശ്രീ തോമസ് കെ കുര്യാക്കോസ് കമ്പി വലിച്ച് കെട്ടി നിർത്തിയിരിക്കുന്നതിൽ താൻ തൃപ്തനല്ല എന്നും തെങ്ങ് മുറിച്ചു മാറ്റണം എന്ന് ആവശ്യപ്പെട്ടുകയും ഉണ്ടായി.

ഇതേ തുടർന്ന് മേൽ വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് അദാലത്തിൽ നിന്നും നിർദ്ദേശിച്ചിരുന്നു.

ആയതിൻറെ അടിസ്ഥാനത്തിൽ 31/08/2024 തീയതിയിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയിൽ 15/20 നമ്പറായി ടി വിഷയം അജണ്ടയിൽ ചേർക്കുകയും പഞ്ചായത്ത് നടത്തുന്ന പരാതി പരിഹാര അദാലത്തിൽ മേൽ വിഷയം പരിഗണിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളതും ആണ്. 13/09/2024 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയിലെ 2/1 നമ്പർ അജണ്ട പ്രകാരം 26/09/2024 തീയതി പഞ്ചായത്ത് തല പരാതി പരിഹാര അദാലത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിൽ ടി വിഷയം സമർപ്പിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നുമുള്ള വിവരം മേൽ നടപടിക്കായി റിപ്പോർട്ട് ചെയ്യുന്നു.

CHOTTANIKKARA GRAMA PANCHAYAT (SPECIAL GRADE)

സെക്രട്ടറി